## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5016. 24.10. 2011-ൽ മറുപടിയ്ക്ക്

### ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം അർഹതയുള്ള രോഗികളുടെ കുടുംബത്തിന് പ്രതിവർഷം എത്ര രൂപയുടെ മരുന്നുകളും ചികിത്സാ സഹായവുമാണ് ലഭിക്കുന്നത്; | (എ) കേന്ദ്രാവിഷ്കൃത ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആർ. എസ്. ബി. വൈയും സംസ്ഥാന സർക്കാർ പദ്ധതിയായ, കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് സ്കീം (ചിസ്)ഉം ചേർത്ത് 28 ലക്ഷം കുടുംബങ്ങൾക്ക് ഒരു വർഷം 30,000/- രൂപ ചികിത്സാ സഹായം സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സർക്കാർ/ സ്വകാര്യ/ സഹകരണ ആശുപത്രികൾ വഴി ലഭിയ്ക്കും. കൂടാതെ ഇതിനനുബന്ധമായി നടപ്പാക്കി വരുന്ന ചിസ്പ്ലസ് പദ്ധതി പ്രകാരം കാൻസർ, ഹൃദയം, കിഡ്നി സംബന്ധമായ മാരകരോഗങ്ങൾക്ക് സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ എന്നിവ മുഖേന പരമാവധി 70,000/- രൂപയുടെ അധിക ചികിത്സാ സഹായവും ബി.പി.എൽ വിഭാഗത്തിന് ലഭിയ്ക്കും. മേൽപ്പറഞ്ഞ മൂന്ന് മാരകരോഗങ്ങൾക്കു പുറമേ ഗ്യാസ്ട്രോ എന്റോളജി, ന്യൂറോളജി, അപകടം മൂലമുള്ള ട്രോമാകെയർ എന്നീ മൂന്ന് വിഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി വിപുലമാക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) സർക്കാരാശുപത്രിയിൽ മരുന്നുകൾ ഇല്ലാതെ വന്നാൽ പ്രസ്തുത സ്കീം പ്രകാരം പുറത്തുനിന്നും മരുന്നു വാങ്ങുവാൻ പണം നൽകുന്നുണ്ടോ; | (ബി) ആർ. എസ്. ബി. വൈ പദ്ധതി പ്രകാരം ആശുപത്രിക്ക് സമീപമുള്ള നീതി, ധന്വന്തരി, മാവേലി മെഡിക്കൽ സ്റ്റോറുകൾ എന്നീ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട ശേഷം മരുന്നുകൾ വിതരണം ചെയ്യാൻ നിർദ്ദേശമുണ്ട്. ഇത്തരം സ്റ്റോറുകൾ ഇല്ലാത്ത പക്ഷം സമീപത്തുള്ള സ്വകാര്യ മെഡിക്കൽ സ്റ്റോറുമായും ആശുപത്രികൾക്ക് കരാറിൽ |

ഏർപ്പെടാവുന്നതാണ്. ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്ന് ഡോക്ടർ കുറിക്കുകയാണെങ്കിൽ അത് കരാറിൽ ഏർപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുതന്നെ വാങ്ങുകയും അതിന്റെ ബില്ല് ആശുപത്രിയിൽ ഏൽപ്പിക്കുകയും വേണം. രോഗിക്ക് മരുന്നിന്റെ വില നൽകേണ്ടതില്ല. ആശുപത്രിയിൽ ഇൻഷ്വറൻസ് വിഹിതമായി ലഭിക്കുന്ന ഫണ്ടിൽ നിന്നും ഈ തുക മെഡിക്കൽ സ്റ്റോറുകൾക്ക് നൽകുന്നതാണ്.

(സി) എങ്കിൽ ഏതെല്ലാം കമ്പനിയുടെ മരുന്നുകളാണ് വാങ്ങാവുന്നത്. ഇത് സംബന്ധിച്ച് ഉത്തരവുകളോ നിർദ്ദേശങ്ങളോ നൽകിയിട്ടുണ്ടോ;

(സി) മരുന്നുകമ്പനികളെക്കുറിച്ചോ ഏതെങ്കിലും പ്രത്യേക മരുന്നുകളെക്കുറിച്ചോ പരാമർശിക്കുന്ന ഉത്തരവുകളോ നിർദ്ദേശങ്ങളോ നൽകിയിട്ടില്ല..

(ഡി) ഗുണനിലവാരമുള്ള മരുന്നുകൾ ആശുപത്രികളിൽ ഉള്ളപ്പോൾ തന്നെ ഗുണനിലവാരമില്ലാത്ത വിലകൂടിയ മരുന്നുകൾ വാങ്ങാൻ ചില ഡോക്ടർമാർ രോഗികളെ നിർബന്ധിക്കുന്നതു മൂലം സർക്കാർ മരുന്നുകൾ ആശുപത്രികളിൽ കെട്ടിക്കിടക്കുന്നതും ആശുപത്രിക്കു ലഭിക്കേണ്ട ഇൻഷ്വറൻസ് ഫണ്ട് നഷ്ടപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒരു വർഷത്തേയ്ക്ക് ആവശ്യമായ മരുന്നുകൾ മുൻകൂറായി കേരളമെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് വാർഷിക ഇൻഡന്റ് നൽകിയാണ് ആശുപത്രികളിൽ മരുന്നു സംഭരിക്കുന്നത്. പോയ വർഷത്തെ രോഗങ്ങൾ, രോഗികളുടെ എണ്ണം വരും വർഷത്തിൽ പ്രതീക്ഷിക്കുന്ന രോഗങ്ങൾ എന്നിവ കണക്കിലെടുത്ത്, ഡോക്ടർ/ സൂപ്രണ്ട്/ആർ.എം.ഒ, ഫാർമസിസ്റ്റ്/ നെഴ്സ് എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് ഇതു തയ്യാറാക്കുന്നത്. രോഗങ്ങളിൽ വരുന്ന വ്യതിയാനം, രോഗികളുടെ എണ്ണത്തിൽ വരുന്ന ഏറ്റകുറച്ചിൽ, ഡോക്ടർമാരുടെ അഭാവം എന്നീ കാരണങ്ങളാൽ ചില സന്ദർഭങ്ങളിൽ മരുന്ന് യഥാസമയം ഉപയോഗിക്കാൻ പറ്റാതെ സ്റ്റോറുകളിൽ കെട്ടിക്കിടക്കുന്നു. കാലാവധി തീയതിക്കു വളരെ മുൻപ് തന്നെ ഉപയോഗം കുറവുള്ള മരുന്നുകളുടെ പേരും എണ്ണവും മേലധികാരികളെ അറിയിക്കാനും അത് മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുവാനും നിർദ്ദേശം ഉണ്ടെങ്കിലും അത് പാലിക്കപ്പെടാതെ പോകുമ്പോഴാണ് മരുന്നുകൾ ആശുപത്രികളിൽ കെട്ടിക്കിടക്കാൻ സാഹചര്യം ഉണ്ടാകുന്നത്. ആശുപത്രിയിൽ ലഭ്യമായ മരുന്നുകൾ യാതൊന്നും തന്നെ സ്വകാര്യ മെഡിക്കൽ സ്റ്റോറിൽ നിന്നും

വാങ്ങുന്നതിനായി കുറിച്ചുകൊടുക്കരുതെന്ന നിർദ്ദേശം നിലവിലുള്ളതാണ്. മാനദണ്ഡങ്ങൾ പാലിക്കാതെ മരുന്നുകൾ പുറത്തു നിന്നു വാങ്ങുന്നതിനായി ഡോക്ടർമാർ കുറിച്ചു കൊടുക്കുന്നതായി പരാതി ഒന്നും ലഭിച്ചിട്ടില്ല.

| | | | |
|---|---|---|---|
| (ഇ) | ചെലവുകൂടിയ മരുന്നുകൾ വാങ്ങേണ്ടിവരുന്നതിനാൽ രോഗികൾക്ക് അർഹമായ ഇൻഷ്വറൻസ് തുകയിൽ കുറവ് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഇ) | ആർ. എസ്. ബി. വൈ പ്രകാരം മരുന്നുകൾ ആശുപത്രിക്കു പുറത്തു നിന്നു വാങ്ങേണ്ട സാഹചര്യത്തിൽ ഡോക്ടർമാർ പാലിക്കേണ്ട മാനദണ്ഡങ്ങൾ ആരോഗ്യവകുപ്പിൽ നിന്ന് നൽകിയിട്ടുള്ളതാണ്. ഈ നിർദ്ദേശങ്ങൾ പാലിക്കാത്ത ഡോക്ടർമാരെക്കുറിച്ച് പരാതി ലഭിയ്ക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ